ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇത്തരത്തിൽ ഒരു വിവരശേഖരം നടത്തിയിട്ടില്ല.

(ഡി) പ്രാകൃതരീതിയിലുള്ള ചികിത്സാരീതികൾ നടത്തുന്ന സ്ഥാപനങ്ങളെ കുറിച്ച് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് ഹെൽത്ത് കാർഡ് പദ്ധതി

121 (786) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ചികിത്സകൾ കൃത്യമായി ലഭിക്കുന്നതിനുംവേണ്ടി ഹെൽത്ത് കാർഡ് സംവിധാനം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയാൻ നടപടി

122 (787) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പോളത്തിൽ ലഭിക്കുന്ന ഉപ്പിലിട്ട പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാങ്ങ, പപ്പായ, പേരയ്ക്ക തുടങ്ങിയ വിവിധയിനം ഫലവർഗ്ഗങ്ങൾ പൂപ്പൽ ബാധിച്ച് കേടുവരാതിരിക്കുന്നതിനായി മോണോ സോഡിയം ഗ്ലൂട്ടമേറ്റ്, പൊട്ടാസ്യം ഡൈക്രോമേറ്റ്, ബാറ്ററി ആസിഡുകൾ എന്നിവ ചേർത്ത് വിൽപ്പന നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) ഇത്തരം കറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly